ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ)

1. കടലിൽ മത്സ്യബന്ധനം നടത്തുമ്പോൾ പ്രകൃതിക്ഷോഭം ഉൾപ്പെടെയുള്ള അപകടത്തിൽ മരിക്കുകയോ കാണാതാകുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതം നൽകുന്നതിന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നുണ്ട്.

2. മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗമായിരുന്നവർക്ക് മത്സ്യഫെഡിന്റെ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഒന്നര ലക്ഷം രൂപ അപകട മരണത്തിന് ധനസഹായം നൽകുന്നുണ്ട്.

3. മത്സ്യഫെഡിന്റെ വായ്പ എടുത്ത് വാങ്ങുന്ന മത്സ്യബന്ധനോപകരണങ്ങൾക്കും ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

4. ദേശീയ ഭവന നിർമ്മാണ പദ്ധതി പ്രകാരം വീടുവയ്ക്കാൻ ഗ്രാന്റ് അനുവദിക്കുമ്പോൾ പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് മുൻഗണന നൽകാറുണ്ട്.

മത്സ്യഫെഡ് മുഖേന മത്സ്യബന്ധനോപകരണങ്ങൾ നൽകുമ്പോഴും പ്രകൃതിക്ഷോഭത്തിൽപ്പെടുന്നവർക്ക് പരിഗണന നൽകാറുണ്ട്.

(ബി) ഇതിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡു മുഖേന നടപ്പാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസും ദേശീയ ഭവനനിർമ്മാണ പദ്ധതിയും കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്നവയാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മൂല്യവർദ്ധിത നികുതി നിലവിൽ വരുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം

1 (961) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. കെ. മണി :
ശ്രീ. ഡി. സുഗതൻ :
ശ്രീമതി ശോഭനാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂല്യവർദ്ധിത നികുതി നിലവിൽ വരുമ്പോൾ നികുതി കുറയുന്നതിന്റെ പേരിൽ ഏതെല്ലാം സാധനങ്ങൾ വില കുറയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമൂലം സംസ്ഥാനത്ത് എന്ത് നഷ്ടമുണ്ടാകാനിടയുണ്ട് വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഏതെല്ലാം സാധനങ്ങൾക്ക് വില കുറയുമെന്ന് കൃത്യമായി കണ്ടുപിടിക്കാൻ വാറ്റ് സമ്പ്രദായം നടപ്പിലാക്കുമ്പോൾ മാത്രമേ സാധിക്കുകയുള്ളൂ.

(ബി) ഏകദേശ കണക്ക് ചുവടെ കൊടുത്തിരിക്കുന്നു:

2005-2006-ൽ	840 കോടി രൂപ
2006-2007-ൽ	932 കോടി രൂപ
2007-2008-ൽ	1034 കോടി രൂപ

ഇതു പൂർണ്ണമായി ശരിയാകണമെന്നില്ല. വാറ്റ് നടപ്പാക്കുന്നതുമൂലം ഉണ്ടാകുന്ന സുതാര്യതയും നികുതി വെട്ടിപ്പിൽ ഉണ്ടാകാനിടയുള്ള കുറവും മൂലം എത്ര അധിക വരുമാനം ഉണ്ടാകുമെന്ന് ഇപ്പോൾ കണക്കാക്കാൻ നിവൃത്തിയില്ല.

മൂല്യവർദ്ധിത നികുതി

2 (962) ശ്രീ. എം. എം. ഹസ്സൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂല്യവർദ്ധിത നികുതി സമ്പ്രദായം നിലവിൽ വരുമ്പോൾ സംസ്ഥാനത്തിന് വിൽപ്പന നികുതി വഴവിൽ എന്തു കുറവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു ;

(ബി) പ്രസ്തുത നഷ്ടത്തിന് കേന്ദ്രം നഷ്ടപരിഹാരം നൽകുമോ;

(സി) എങ്കിൽ എത്ര തുക നൽകുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്തിന് ആദ്യവർഷങ്ങളിൽ ഉണ്ടാകുമെന്ന് കണക്കാക്കുന്ന വിൽപ്പന നികുതി ഇനത്തിലുള്ള കുറവ് സംബന്ധമായ വിവരം ചുവടെ കൊടുത്തിരിക്കുന്നു:

2005-2006-ൽ	840 കോടി രൂപ
2006-2007-ൽ	932 കോടി രൂപ
2007-2008-ൽ	1034 കോടി രൂപ

(ബി&സി) ആദ്യവർഷം മുഴുവൻ നഷ്ടവും രണ്ടാം വർഷം നഷ്ടത്തിന്റെ 75%-വും മൂന്നാം വർഷം നഷ്ടത്തിന്റെ 50%-വും കേന്ദ്രം നികത്തും എന്നാണ് വെളിവാക്കപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly